"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹയർ സെക്കന്ററി - ഏകജാലക പ്രവേശനം 2022-23- പിന്നോക്ക/ന്യൂനപക്ഷ വിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിലെ മാനേജ്മെന്റ് , കമ്മ്യൂണിറ്റി ക്വാട്ട സീറ്റ് നിർവ്വചിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.121/2022/GEDN തീയതി, തിരുവനന്തപുരം, 07-07-2022

---

പരാമർശം:-

1. സ.ഉ(കൈ) നം.29/91/പൊവിവ തീയതി 01.02.1991
2. സ.ഉ(സാധാ) നം.3667/2021/പൊവിവ തീയതി 12.08.2021
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.06.2022 ലെ ICT Cell/1771/1/2022/DGE-HSE നമ്പർ കത്ത്.

**ഉത്തരവ്**

നിലവിൽ ന്യൂനപക്ഷ/പിന്നോക്ക സമുദായ എയ്ഡഡ് സ്കൂളുകളിൽ ആകെയുള്ള സീറ്റുകളുടെ 2 0 % മാനേജ്മെന്റ് ക്വാട്ടയിലും 20% അതാത് സമുദായത്തിലെ കുട്ടികൾക്ക് മെരിറ്റടിസ്ഥാനത്തിലുമാണ് നൽകുന്നത്. എന്നാൽ പിന്നോക്ക/ന്യനപക്ഷ വിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകളിലെ 3 0 % സീറ്റുകളിൽ 2 0 % മാനേജ്മെന്റ് ക്വാട്ടയിലും 10%അതാത് സമുദായത്തിലെ കുട്ടികൾക്ക് മെരിറ്റടിസ്ഥാനത്തിലുമാണ് നൽകേണ്ടത്.

2. സംസ്ഥാനത്തെ എല്ലാ എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലേയും മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾ 2 0 % മാത്രമാണെന്നും ന്യൂനപക്ഷ/പിന്നോക്ക എയ്ഡഡ് സ്കൂളുകളിൽ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ 2 0 % മാത്രമാണെന്നും പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകളിലെ സമുദായം വ്യക്തമായി നൽകിയിട്ടുള്ള സ്കൂളുകളിൽ 1 0 % സീറ്റുകൾ അതാത് സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മെരിറ്റടിസ്ഥാനത്തിലും അപ്രകാരം സമുദായം നിർവചിക്കാത്ത സ്കൂളുകളിൽ പ്രസ്തുത 1 0 % സീറ്റുകൾ പൊതു മെരിറ്റായി പരിവർത്തനം ചെയ്ത് അലോട്ട്മെൻറ് പ്രക്രിയയിൽ ഉൾപ്പെടുത്തി അനുമതി നല്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു.

സംസ്ഥാനത്തെ എല്ലാ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലേയും മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾ 20% മാത്രവും ന്യൂനപക്ഷ/പിന്നോക്ക എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ 20% മാത്രവുമായിരിക്കും. പിന്നോക്ക/ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് സ്കൂളുകളിലെ സമുദായം വ്യക്തമായി നൽകിയിട്ടുള്ള സ്കൂളുകളിൽ 10 % സീറ്റുകൾ അതാത് സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മെരിറ്റടിസ്ഥാനത്തിൽ നൽകുന്നതായിരിക്കും. എന്നാൽ അപ്രകാരം സമുദായം നിർവചിക്കാത്ത സ്കൂളുകളിൽ പ്രസ്തുത 10 % സീറ്റുകൾ പൊതു മെരിറ്റായി പരിവർത്തനം ചെയ്ത് അലോട്ട്മെൻറ് പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നല്കുന്നു.

4. മേൽപ്പറഞ്ഞ പ്രകാരമുള്ള മാറ്റങ്ങൾ പ്രോസ്പെക്ടസ്സിൽ വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എ പി എം മുഹമ്മദ് ഹനീഷ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി മേഖല ഉപമേധാവികൾക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
എല്ലാ ഹയർ സെക്കന്ററി പ്രിൻസിപ്പൽമാർക്കും
(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വെബ്&ന്യൂ മീഡിയ
പൊതുവിദ്യാഭ്യാസ(ജി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Priyanka T V**
**Date: 07-07-2022 18:13:52**
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.